**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3473** **14-07-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ പോളിടെക്‌നിക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ പോളിടെക്‌നിക് ആരംഭിക്കുന്നതിനായി സ്ഥല പരിശോധന കഴിഞ്ഞ് എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | **നാദാപുരം മണ്ഡലത്തിൽ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കോഴിക്കോട് മേഖല ജോയിന്റ് ഡയറക്ടറെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.** |
| (ബി) | പോളിടെക്‌നിക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | എ,എെ.സി.ടി.ഇ മാനദണ്ഡപ്രകാരം പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിന് ഗ്രാമീണ മേഖലയിലാണെങ്കിൽ 4 ഏക്കറും , നഗര മേഖലയിലാണെങ്കിൽ 1.5 ഏക്കറും സ്വന്തം ഉടമസ്ഥതയിലുള്ള വസ്തു ആവശ്യമാണ്. കൂടാതെ കെട്ടിടവും, മറ്റു അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കേണ്ടത് എ.എെ.സി.ടി.ഇ അംഗീകൃത അപ്രൂവൽ ഹാൻഡ് ബുക്കിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാകണം. |

സെക്ഷൻ ഓഫീസർ